# പതിനഞ്ചാം കേരള നിയമസഭ

## ആറാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2022 ആഗസ്റ്റ് 31, ബുധൻ

**നമ്പർ 82**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

**ചോദ്യങ്ങൾ :**

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

**നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരത്തിനുള്ള തിരുത്ത് :**

പതിനഞ്ചാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 2022 ജൂലൈ 5- ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 1660- ാം നമ്പർ ചോദ്യത്തിന്റെ തിരുത്തൽ വരുത്തിയ മറുപടി ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദു മേശപ്പുറത്തുവച്ചു.

**അടിയന്തര പ്രമേയം :**

എം.ഡി.എം.എ. അടക്കമുള്ള മാരക ലഹരി വസ്തുക്കളുടെ ഉപയോഗം യുവാക്കളിലും വിദ്യാർത്ഥികളിലും വർധിച്ച് വരുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. പി. സി. വിഷ്ണുനാഥും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

**ശ്രദ്ധ ക്ഷണിക്കൽ :**

(1) ഫെഡറൽ തത്വങ്ങൾ ലംഘിച്ചുകൊണ്ട് സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുന്ന നയം തിരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടേണ്ടതിന്റെയും സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കേണ്ടതിന്റെയും ആവശ്യകതയിലേക്ക് ശ്രീ. പി. നന്ദകുമാർ ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 1250/2022(i).

(2) അട്ടപ്പാടിയിലെ ഭൂമി കയ്യേറ്റങ്ങൾ അവസാനിപ്പിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീമതി കെ. കെ. രമ റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നം | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | ശ്രീ. ഇ. ചന്ദ്രശേഖരൻ | കാസർഗോഡ് ജില്ലയിലെ വിവിധ വകുപ്പുകളിലെ ഒഴിവുകൾ | മുഖ്യമന്ത്രി |
| 2. | ശ്രീ. എം. എസ്. അരുൺ കുമാർ | ദേവസ്വംബോർഡ് ക്ഷേത്രങ്ങളിലെ വരുമാനം | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 3. | ശ്രീ. ഐ. സി. ബാലകൃഷ്ണൻ | അതിരാറ്റുകുന്ന്, വാളവയൽ വിദ്യാലയങ്ങളിൽ യു.പി. വിഭാഗം അനുവദിക്കുന്നതിന് നടപടി | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 4. | ശ്രീ. സി. എച്ച്. കുഞ്ഞമ്പു | ബേക്കൽ ബീച്ച് ഫെസ്റ്റിവൽ | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 5. | ശ്രീ. ജോബ് മൈക്കിൾ | മാമ്മൂട്-മല്ലപ്പള്ളി റോഡ് നവീകരണം | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 6. | ശ്രീ. റോജി എം. ജോൺ | അങ്കമാലി ബൈപ്പാസിന്റെയും കാലടി സമാന്തര പാലത്തിന്റെയും നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 7. | ശ്രീ. എച്ച്. സലാം | സംസ്ഥാനത്തെ അവയവ ദാന ശസ്ത്രക്രിയ | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 8. | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | കാസർകോട് ജനറൽ ആശുപത്രിയിലെ രാത്രികാല പോസ്റ്റ്മോർട്ടം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 9. | ശ്രീ. പി. സി. വിഷ്ണുനാഥ് | നെടുമ്പന സി.എച്ച്.സി.യിലെ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 10. | ശ്രീ. കെ. വി. സുമേഷ് | അഴീക്കോട് മിനി ഫിഷ് ലാന്റിംഗ് സെന്റർ | മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി |

അതതു വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>നിയമനിർമ്മാണകാര്യം</u> :

സബ്ജക്ട് കമ്മറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും:

<u>1) 2022 - ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ</u>

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൽ വിയോജിപ്പ് രേഖപ്പെടുത്തിയ ശ്രീ. റോജി എം. ജോൺ, ശ്രീ. ടി. ജെ. വിനോദ്, ശ്രീ. പി. ഉബൈദുള്ള എന്നീ അംഗങ്ങൾ സംസാരിച്ചു. 2022-ലെ കേരള തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. എ. എൻ. ഷംസീർ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. വി. ജോയി അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. റോജി എം. ജോൺ ചുമതലപ്പെടുത്തിയതനുസരിച്ച് ഡോ. മാത്യു കുഴൽനാടൻ അവതരിപ്പിച്ച് സംസാരിച്ചു.

ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കുകയും, ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന ഭേദഗതി സഭ തള്ളുകയും ചെയ്തു. തുടർന്ന് ബിൽ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ സഭ പാസ്സാക്കുകയും ചെയ്തു.

<u>ദീർഘ ശീർഷകം</u>

i) ദീർഘ ശീർഷകത്തിൽ "എഞ്ചിനീയറിങ്" എന്നതിന് പകരം "എഞ്ചിനീയറിംഗ്" എന്ന് ചേർക്കുക.

ii) ദീർഘശീർഷകത്തിൽ "തദ്ദേശസ്വയം ഭരണപൊതുസർവ്വീസ് " എന്നതിന് പകരം "തദ്ദേശസ്വയംഭരണ പൊതുസർവ്വീസ്" എന്ന് ചേർക്കുക.

<u>പീഠിക</u>

i) പീഠികയിൽ "എഞ്ചിനീയറിങ് " എന്നതിന് പകരം "എഞ്ചിനീയറിംഗ് " എന്ന് ചേർക്കുക.

ii) പീഠികയിൽ "ഏകീകരിച്ച കൊണ്ട്" എന്നതിന് പകരം "ഏകീകരിച്ചുകൊണ്ട്" എന്ന് ചേർക്കുക.

<u>രണ്ടാം വകുപ്പ്</u>

ഖണ്ഡം 2(i) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 180(4)-ൽ "പൊതു സർവ്വീസ്" എന്നതിന് പകരം "പൊതുസർവ്വീസ്" എന്ന് ചേർക്കുക.

2) <u>2022 - ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ, 2022 - ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ</u>

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022 - ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ, 2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ എന്നിവ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു. തുടർന്ന്, രണ്ട് പ്രമേയങ്ങളിന്മേലുമുള്ള ചർച്ച ഒരുമിച്ച് നടത്തി.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തിയ ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. പി. സി. വിഷ്ണുനാഥ് എന്നീ അംഗങ്ങൾ സംസാരിച്ചു.

2022-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. ജോബ് മൈക്കിൾ അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. ജി. സ്റ്റീഫൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി അവതരിപ്പിച്ച് സംസാരിച്ചു.

2022-ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച് സംസാരിച്ചു.

ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കുകയും സഭ തള്ളുകയും ചെയ്തു. തുടർന്ന് ബില്ലുകൾ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ സഭ പാസ്സാക്കുകയും ചെയ്തു.

i) <u>2022 - ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ബിൽ</u>

<u>രണ്ടാം വകുപ്പ്</u>

i) പ്രധാന ഖണ്ഡത്തിൽ ചേർക്കാനുദ്ദേശിക്കുന്ന (സിബി), (എൽ.എ) ഖണ്ഡങ്ങളിൽ 'വിവിധ സംസ്ഥാന നിയമങ്ങൾക്ക് കീഴിൽ' എന്ന വാക്കുകൾക്ക് പകരം 'വിവിധ കേന്ദ്ര-സംസ്ഥാന നിയമങ്ങൾക്ക് കീഴിൽ സംസ്ഥാന സർക്കാരിന് നൽകാൻ അധികാരമുള്ള' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ii) ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(സിഎ)-ൽ, "ജില്ലാ പരാതി പരിഹാരക്കമ്മിറ്റി" എന്നതിനുപകരം "ജില്ലാ പരാതിപരിഹാര കമ്മിറ്റി" എന്ന് ചേർക്കുക.

iii) ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(സിബി)-ൽ "ആധുനികവത്ക്കരിക്കുന്നതിനോ" എന്നതിനു ശേഷം "വേണ്ടി" എന്ന് ചേർക്കുക.

iv) ഖണ്ഡം 2 (i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (സിബി)-ൽ "അതിന്റെ" എന്നതിന് പകരം "അവയുടെ" എന്ന് ചേർക്കുക.

v) ഖണ്ഡം 2 (i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (സിബി)-ൽ "അതിന്റെ പുതുക്കലോ ലഭിക്കുന്നതിനോ" എന്നതിന് പകരം " ലഭിക്കുന്നതിനോ അതിന്റെ പുതുക്കലിനോ" എന്ന് ചേർക്കുക.

vi) ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2 (എൽഎ)-ൽ "തീരുമാനമോ" എന്നതിന് പകരം "നടപടികളോ" എന്ന് ചേർക്കുക.

vii) ഖണ്ഡം 2(iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(പി)-യിൽ, "പരാതി പരിഹാര കമ്മിറ്റി" എന്നതിന് പകരം "പരാതിപരിഹാര കമ്മിറ്റി" എന്ന് ചേർക്കുക.

മൂന്നാം വകുപ്പ്

i) ബില്ലിൽ 'ചെയർമാൻ' എന്ന വാക്ക് എവിടെയെല്ലാം വരുന്നുവോ ആയത് 'ചെയർപേഴ്സൺ' എന്ന് മാറ്റേണ്ടതാണ്.

ii) പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 13 എ വകുപ്പ് (1)-ാം ഉപവകുപ്പിലും 13 സി വകുപ്പ് (1)-ാം ഉപവകുപ്പിലും 'വിവിധ സംസ്ഥാന നിയമനങ്ങൾക്ക് കീഴിൽ എന്നീ വാക്കുകൾക്ക പകരം 'വിവിധ കേന്ദ്ര-സംസ്ഥാന നിയമങ്ങൾക്ക് കീഴിൽ സംസ്ഥാന സർക്കാരിന് നൽകാൻ അധികാരമുള്ള' എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

iii) 13 എ വകുപ്പിന്റെ (4)-ാം ഉപവകുപ്പിൽ "കമ്മിറ്റിയുടെ ക്വാറം മൊത്തം അംഗങ്ങളുടെ മൂന്നിലൊന്നിൽ കുറയാൻ പാടുള്ളതല്ല" എന്ന വാചകം അവസാനമായി ചേർക്കേണ്ടതാണ്.

iv) 13 സി വകുപ്പിന്റെ (4)-ാം ഉപവകുപ്പിൽ "കമ്മിറ്റിയുടെ ക്വാറം മൊത്തം അംഗങ്ങളുടെ മൂന്നിലൊന്നിൽ കുറയാൻ പാടുള്ളതല്ല" എന്ന വാചകം ചേർക്കേണ്ടതാണ്.

v) ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 13 എ(1)-ൽ "അഞ്ചു കോടി" എന്നതിന് പകരം "പത്ത് കോടി" എന്ന് ചേർക്കുക.

vi) ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ(1)-ൽ "ആധുനികവത്കരിക്കുന്നതിനോ " എന്നതിനു ശേഷം "വേണ്ടി" എന്ന് ചേർക്കുക.

vii) ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ(1)-ൽ "ആവശ്യത്തിലേക്കായും" എന്നതിന് പകരം "ആവശ്യത്തിലേക്കായി" എന്ന് ചേർക്കുക.

viii) ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ (4)-ൽ "സമയത്ത്" എന്നതിനു പകരം " സ്ഥലത്തും സമയത്തും" എന്ന് ചേർക്കുക.

ix) ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 എ (4)-ൽ "ഒരു മാസത്തിലെ" എന്നതിന് പകരം "ഓരോ മാസത്തെയും" എന്ന് ചേർക്കുക.

x) ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 <u>ബി</u>(4)-ൽ "സംസ്ഥാനപരാതി പരിഹാര" എന്നതിന് പകരം "സംസ്ഥാന പരാതിപരിഹാര" എന്ന് ചേർക്കുക.

xi) ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 <u>ബി</u>(4)-ൽ "അയച്ചുകൊടുക്കേണ്ടതും" എന്നതിന് ശേഷം "ഇക്കാര്യം അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതും" എന്ന് ചേർക്കുക.

xii) ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 <u>സി</u>(1)-ൽ "അഞ്ച് കോടി" എന്നതിന് പകരം "പത്ത് കോടി" എന്ന് ചേർക്കുക.

xiii) ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 <u>സി</u> (2) (എ)-ൽ "വ്യവസായവകുപ്പിലെ " എന്നതിന് പകരം "വ്യവസായ വാണിജ്യ വകുപ്പിലെ "എന്ന് ചേർക്കുക.

xiv) ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 <u>സി</u>(3)-ൽ "മൂന്നു" എന്നതിന് പകരം "മൂന്ന്" എന്ന് ചേർക്കുക.

xv) ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 <u>ഇ</u>(2)-ൽ "പറയുവാൻ" എന്നതിന് ശേഷം "ഒരു " എന്ന് ചേർക്കുക.

xvi) ഖണ്ഡം (3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 <u>ഇ</u>(4)-ൽ "അധികാരസ്ഥാനത്തിന്" എന്നതിന് പകരം "ഉദ്യോഗസ്ഥന്" എന്ന് ചേർക്കുക.

ii) <u>2022 - ലെ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ബിൽ</u>

<u>ദീർഘ ശീർഷകം</u>

i) ദീർഘശീർഷകത്തിലെ "കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷനും റിക്രൂട്ട്മെന്റും ബോർഡ്" എന്നതിലെ "സെലക്ഷനും റിക്രൂട്ട്മെന്റും" എന്നീ വാക്കുകൾ ബ്രാക്കറ്റുകൾക്കകത്ത് ആക്കുക.

ii) ദീർഘശീർഷകത്തിൽ "ഉദ്യോഗാർത്ഥികളെ സെലക്റ്റ് ചെയ്യുന്നതിന് സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നതിനും വേണ്ടി" എന്നതിന് പകരം "ഉദ്യോഗാർത്ഥികളുടെ സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നതിനും വേണ്ടി" എന്ന് ചേർക്കുക.

<u>പീഠിക</u>

പീഠികയിലെ "കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷനും റിക്രൂട്ട്മെന്റും ബോർഡ്" എന്നതിലെ "സെലക്ഷനും റിക്രൂട്ട്മെന്റും" എന്നീ വാക്കുകൾ ബ്രാക്കറ്റുകൾക്കകത്ത് ആക്കുക.

<u>രണ്ടാം വകുപ്പ്</u>

i) ഖണ്ഡം 2(എ)-ൽ "കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷനും റിക്രൂട്ട്മെന്റും ബോർഡ് " എന്നതിന് പകരം "കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് " എന്ന് ചേർക്കുക.

ii) ഖണ്ഡം 2(എഫ്)-ൽ "ബോർഡിന്റെ" എന്നതിന് പകരം "ബോർഡിലെ" എന്ന് ചേർക്കുക.

<u>മൂന്നാം വകുപ്പ്</u>

i) 1-ാം ഉപഖണ്ഡത്തിൽ "കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷനും റിക്രൂട്ട്മെന്റും ബോർഡ് " എന്നതിൽ "സെലക്ഷനും റിക്രൂട്ട്മെന്റും" എന്ന വാക്കുകൾ ബ്രാക്കറ്റുകൾക്കകത്ത് ആക്കുക.

ii) 5-ാം ഉപഖണ്ഡത്തിൽ "അംഗങ്ങൾ" എന്ന വാക്കിനു പകരം "മറ്റംഗങ്ങൾ" എന്ന വാക്ക് ചേർക്കുക.

iii) 5-ാം ഉപഖണ്ഡത്തിൽ "എന്നീ മേഖലയിൽ" എന്ന വാക്കുകൾക്കു പകരം "മുതലായ ഏതെങ്കിലും മേഖലയിൽ" എന്ന വാക്കുകൾ ചേർക്കുക.

iv) 7-ാം ഉപഖണ്ഡത്തിൽ "സെക്രട്ടറിയായി നിയമിക്കാവുന്നതാണ്. അദ്ദേഹത്തിന് അറുപത്തിരണ്ട് വയസ്സിൽ കൂടുതൽ പ്രായം ഉണ്ടായിരിക്കുവാൻ പാടുള്ളതല്ല" എന്നീ വാക്കുകൾക്കു പകരം "സെക്രട്ടറിയായി അന്യത്രസേവനവ്യവസ്ഥയിലോ നിർണ്ണയിക്കപ്പെടുന്ന വിധം സെലക്ഷൻ രീതിയിലോ നിയമിക്കാവുന്നതാണ്. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലെ നിയമനങ്ങൾക്ക് കേരള സർവ്വീസ് ചട്ടങ്ങൾ ബാധകമായിരിക്കുന്നതാണ്. സെലക്ഷൻ രീതിയിൽ നിയമനം ലഭിക്കുന്ന സെക്രട്ടറിക്ക്, അദ്ദേഹം ഔദ്യോഗികസ്ഥാനം ഏറ്റെടുത്ത തീയതി മുതൽ നാലുവർഷക്കാലം പൂർത്തിയാകുന്നതുവരെയോ അദ്ദേഹത്തിന് അറുപത്തിരണ്ട് വയസ് പൂർത്തിയാകുന്നതുവരെയോ, ഇതിലേതാണോ ആദ്യം സംഭവിക്കുന്നത് അതു വരെ ഔദ്യോഗികസ്ഥാനം വഹിക്കാവുന്നതാണ്." എന്നീ വാക്കുകൾ ചേർക്കുക.

v) 7-ാം ഉപഖണ്ഡത്തിന്റെ അവസാനഭാഗത്ത് "സെക്രട്ടറിക്ക് നിർണ്ണയിക്കപ്പെടുന്ന ശമ്പളവും ബത്തകളും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ് " എന്നീ വാക്കുകൾ കൂട്ടിചേർക്കുക.

vi) ഖണ്ഡം 3(3)-ൽ "പട്ടികവർഗ്ഗത്തിലോ പെടുന്ന" എന്നതിന് പകരം "പട്ടികഗോത്ര വർഗ്ഗത്തിലോപെടുന്ന " എന്ന് ചേർക്കുക.

vii) ഖണ്ഡം 3(4)-ൽ "വർഷത്തെ" എന്നതിനു പകരം "വർഷത്തിൽ കുറയാത്ത" എന്ന് ചേർക്കുക.

viii) ഖണ്ഡം 3(6)-ൽ "ഒന്നിൽ" എന്നതിന് പകരം "രണ്ടിൽ" എന്ന് ചേർക്കുക.

എട്ടാം വകുപ്പ്

i) ഖണ്ഡം 8(1)-ൽ "യുക്തമെന്നു" എന്നതിന് പകരം "യുക്തമെന്ന് " എന്ന് ചേർക്കുക.

ii) ഖണ്ഡം 8(6)-ൽ "നടപടി ക്രമങ്ങളുടെ" എന്നതിന് പകരം "നടപടിക്രമങ്ങളുടെ " എന്ന് ചേർക്കുക.

iii) ഖണ്ഡം 8(6)-ൽ "ബുക്കിൽ" എന്നതിന് പകരം "രജിസ്റ്ററിൽ" എന്നത് ചേർക്കുക.

ഒൻപതാം വകുപ്പ്

i) 1-ാം ഉപഖണ്ഡത്തിൽ (iv) - ാം ഇനത്തിൽ "തങ്ങൾക്ക് " എന്ന വാക്കിനു പകരം " ബോർഡിന്" എന്ന വാക്ക് ചേർക്കുക.

ii) 7-ാം ഉപഖണ്ഡത്തിലെ "ബന്ധപ്പെട്ട" എന്ന വാക്ക് ഒഴിവാക്കുക.

iii) ഖണ്ഡം 9(1)(iii)-ൽ "വിജിലൻസിന്റെ" എന്നതിന് പകരം "വിജിലൻസ് വകുപ്പിന്റെ" എന്ന് ചേർക്കുക.

iv) ഖണ്ഡം 9(1)(vi)-ൽ "അമ്പതിൽ താഴെയാണെങ്കിൽ" എന്നതിന് പകരം "അൻപതിൽ കുറവാണെങ്കിൽ" എന്ന് ചേർക്കുക.

v) ഖണ്ഡം 9(1)(vii)-ന്റെ ക്ലിപ്തനിബന്ധന ഒഴിവാക്കുക.

vi) ഖണ്ഡം 9(5)-ൽ "മറ്റു" എന്നതിന് പകരം "മറ്റ്" എന്ന് ചേർക്കുക.

vii) ഖണ്ഡം 9(6)-ൽ "മാനവശേഷിയുമായി" എന്നതിന് പകരം "മാനവവിഭവശേഷിയുമായി" എന്ന് ചേർക്കുക.

viii) ഖണ്ഡം 9(6)-ൽ "സ്ഥിരസ്വഭാവമുള്ളതോ" എന്നതിന് പകരം "സ്ഥിരസ്വഭാവമുള്ളതാണോ" എന്ന് ചേർക്കുക.

പത്താം വകുപ്പ്

ഖണ്ഡം 10(1)-ൽ "മറ്റു" എന്നതിന് പകരം "മറ്റ്" എന്ന് ചേർക്കുക.

പതിനൊന്നാം വകുപ്പ്

i) ഖണ്ഡം 11-ലെ "പ്രതീക്ഷിക്കാവുന്ന" എന്ന വാക്കിന് പകരം "പ്രതീക്ഷിക്കുന്ന" എന്ന വാക്ക് ചേർക്കുക.

ii) ഖണ്ഡം 11-ൽ "വർഷത്തിലേയ്ക്കു " എന്ന വാക്കിന് പകരം "വർഷത്തേക്ക്" എന്ന് ചേർക്കുക.

<u>പന്ത്രണ്ടാം വകുപ്പ്</u>

i) 3-ാം ഉപഖണ്ഡത്തിൽ "സർക്കാർ" എന്ന വാക്കിനു പകരം "സർക്കാരിന്റെ" എന്ന വാക്ക് ചേർക്കുക.

ii) ഖണ്ഡം 12(4)-ൽ "വയ്ക്കേണ്ടതുമാണ്" എന്നതിനു പകരം "വയ്ക്കേണ്ടതാണ്" എന്ന് ചേർക്കുക.

<u>പതിമൂന്നാം വകുപ്പ്</u>

i) ഖണ്ഡം 13-ൽ "മൂന്നു" എന്നതിനു പകരം "മൂന്ന്" എന്ന് ചേർക്കുക.

ii) ഖണ്ഡം 13-ൽ " വയ്ക്കേണ്ടതുമാണ്" എന്നതിന് പകരം "വയ്ക്കേണ്ടതാണ്" എന്ന് ചേർക്കുക.

<u>പതിനഞ്ചാം വകുപ്പ്</u>

ഖണ്ഡം 15-ലെ "മറ്റേതെങ്കിലും" എന്ന വാക്കിനു ശേഷം "ഉദ്യോഗസ്ഥനോ" എന്ന വാക്ക് കൂട്ടിച്ചേർക്കുക.

<u>പതിനെട്ടാം വകുപ്പ്</u>

ഖണ്ഡം 18-ലെ 2-ാം ഉപഖണ്ഡത്തിൽ (iv)-ാം ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കുക.

"(iv) സെക്രട്ടറിയുടെ നിയമനരീതിയും അദ്ദേഹത്തിന് നൽകേണ്ടതായ ശമ്പളവും ബത്തകളും, സംബന്ധിച്ച്;"

<u>പത്തൊൻപതാം വകുപ്പ്</u>

i) ഖണ്ഡം 19-ലെ "കാലാവധി കഴിഞ്ഞതാണെന്നിരിക്കിലും" എന്ന വാക്കുകൾക്കു പകരം "2022 ആഗസ്റ്റ് 8-ാം തീയതി പ്രാബല്യമില്ലാതായിതീർന്നിരുന്നാൽ തന്നെയും" എന്നീ അക്കങ്ങളും വാക്കുകളും ചിഹ്നവും ചേർക്കുക.

ii) ഖണ്ഡം 19(ബി)-ൽ "കാലാവധി കഴിഞ്ഞതിനുശേഷവും" എന്ന വാക്കുകൾക്ക് പകരം "പ്രാബല്യമില്ലാതായിത്തീർന്നതിനുശേഷവും" എന്നീ വാക്കുകൾ ചേർക്കുക.

iii) ഖണ്ഡം 19-ലെ "കാലാവധി കഴിഞ്ഞിട്ടില്ലായിരുന്നുവെങ്കിൽ" എന്ന വാക്കുകൾക്ക് പകരം "പ്രാബല്യം ഇല്ലാതായിത്തീർന്നിരുന്നില്ലായെങ്കിൽ" എന്നീ വാക്കുകൾ ചേർക്കുക.

2022 സെപ്റ്റംബർ 1-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 5.20 - ന് സഭ പിരിഞ്ഞു.

എ. എം. ബഷീർ,
*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Sixth Session

# BULLETIN—PART I

(Brief Record of Proceedings)

*Wednesday, August 31, 2022*

**No. 82**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions*:

Three Questions in the list of Questions posted for the day were answered orally.

*Correction of answer to Unstarred Question*:

The Corrected answer to Unstarred question No. 1660 dated 5th July 2022 of Fifth session of the Fifteenth Kerala Legislative Assembly was laid on the Table by Dr. R. Bindu, Minister for Higher Education and Social Justice.

*Adjournment Motion*:

After hearing the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri P. C. Vishnunadh and five other Members regarding the serious concern reported to have arisen consequent to the increase in the use of deadly drugs like MDMA among the youth and students.

*Calling Attention* :

1. Shri P. Nandakumar called the attention of the Minister for Finance to the necessity to take steps to increase non-tax revenue of the State and to urge the Central Government to rectify its policy which financially squeeze the State in violation of federal principles. The Minister for Finance made a statement thereto.

KNPP. 1250/2022(ii).

2. Smt. K. K. Rema called the attention of the Minister for Revenue and Housing to the necessity to take steps to end the land encroachment in Attappadi region. The Minister made a statement thereto.

*The Matters under Rule 304*:

The matters raised in the House by the Members under Rule 304 are listed below;

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ശ്രീ. ഇ. ചന്ദ്രശേഖരൻ | കാസർഗോഡ് ജില്ലയിലെ വിവിധ വകുപ്പുകളിലെ ഒഴിവുകൾ | മുഖ്യമന്ത്രി |
| 2 | ശ്രീ. എം. എസ്. അരുൺ കുമാർ | ദേവസ്വംബോർഡ് ക്ഷേത്രങ്ങളിലെ വരുമാനം | പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 3 | ശ്രീ. ഐ. സി. ബാലകൃഷ്ണൻ | അതിരാറ്റുകുന്ന്, വാളവയൽ വിദ്യാലയങ്ങളിൽ യു.പി. വിഭാഗം അനുവദിക്കുന്നതിന് നടപടി | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 4 | ശ്രീ. സി. എച്ച്. കുഞ്ഞമ്പു | ബേക്കൽ ബീച്ച് ഫെസ്റ്റിവൽ | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 5 | ശ്രീ. ജോബ് മൈക്കിൾ | മാമ്മൂട്-മല്ലപ്പള്ളി റോഡ് നവീകരണം | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |
| 6 | ശ്രീ. റോജി എം. ജോൺ | അങ്കമാലി ബൈപ്പാസിന്റെയും കാലടി സമാന്തര പാലത്തിന്റെയും നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 7 | ശ്രീ. എച്ച്. സലാം | സംസ്ഥാനത്തെ അവയവ ദാന ശസ്ത്രക്രിയ | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 8 | ശ്രീ. എൻ. എ. നെല്ലിക്കുന്ന് | കാസർകോട് ജനറൽ ആശുപത്രിയിലെ രാത്രികാല പോസ്റ്റ്മോർട്ടം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 9 | ശ്രീ. പി. സി. വിഷ്ണുനാഥ് | നെടുമ്പന സി.എച്ച്.സി.യിലെ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |
| 10 | ശ്രീ. കെ. വി. സുമേഷ് | അഴീക്കോട് മിനി ഫിഷ് ലാന്റിംഗ് സെന്റർ | മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Legislative Business* :

Motion for Consideration and further stages of the following Bills as reported by the Subject Committee :

*1) The Kerala Local Self Government Common Service Bill, 2022.*

Shri M. V. Govindan Master, Minister for Local Self Governments, Rural Development and Excise moved the Motion that The Kerala Local Self Government Common Service Bill, 2022 as reported by the Subject Committee be taken up for consideration. Shri Roji M. John, Shri T. J. Vinod and Shri P. Ubaidulla who recorded their dissent to the Subject Committee Report spoke. Shri V. Joy as authorised by Shri A. N. Shamseer moved an amendment to circulate The Kerala Local Self Government Common Service Bill, 2022 for obtaining public opinion and spoke. DR. Mathew Kuzhalnadan as authorised by Shri Roji M. John moved another amendment to recommit the Bill to the same Subject Committee and spoke.

After discussion and reply of the Minister the amendment to circulate the Bill for obtaining public opinion was withdrawn by the leave of the House and the amendment to recommit the Bill to the same Subject Committee was declared lost. Then the Bill as reported by the Subject Committee was taken into consideration and was passed with the following amendments.

<u>ദീർഘ ശീർഷകം</u>

i) ദീർഘശീർഷകത്തിൽ "എഞ്ചിനീയറിങ്" എന്നതിന് പകരം "എഞ്ചിനീയറിംഗ്" എന്ന് ചേർക്കുക.

ii) ദീർഘശീർഷകത്തിൽ "തദ്ദേശസ്വയം ഭരണപൊതുസർവ്വീസ്" എന്നതിന് പകരം "തദ്ദേശസ്വയംഭരണ പൊതുസർവ്വീസ്" എന്ന് ചേർക്കുക.

<u>പീഠിക</u>

i) പീഠികയിൽ "എഞ്ചിനീയറിങ്" എന്നതിന് പകരം "എഞ്ചിനീയറിംഗ്" എന്ന് ചേർക്കുക.

ii) പീഠികയിൽ "ഏകീകരിച്ചു കൊണ്ട്" എന്നതിന് പകരം "ഏകീകരിച്ചുകൊണ്ട്" എന്ന് ചേർക്കുക.

<u>രണ്ടാം വകുപ്പ്</u>

ഖണ്ഡം 2(i) പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 180(4)-ൽ "പൊതു സർവ്വീസ്" എന്നതിന് പകരം "പൊതുസർവ്വീസ്" എന്ന് ചേർക്കുക.

*2) The Kerala Industrial Single Window Clearance Boards and Industrial Township Area Development (Amendment) Bill, 2022 and The Kerala Public Enterprises (Selection and Recruitment) Board Bill, 2022.*

Shri P. Rajeeve, Minister for Law, Industries and Coir moved the Motion that The Kerala Industrial Single Window Clearance Boards and Industrial Township Area Development (Amendment) Bill, 2022 and The Kerala Public Enterprises (Selection and Recruitment) Board Bill, 2022 as reported by the Subject Committee be taken up for consideration. The discussion on motions were held together.

Shri Manjalamkuzhi Ali and Shri P. C. Vishnunadh who recorded their dissent to the Subject Committee Reports spoke.

Shri Job Maichil moved an amendment to circulate The Kerala Industrial Single Window Clearance Boards and Industrial Township Area Development (Amendment) Bill, 2022 for obtaining public opinion and spoke. Shri Xavier Chittilappilly as authorised by Shri G. Steephen moved another amendment to recommit the Bill to the same Subject Committee and spoke.

Shri Sunny Joseph moved an amendment to circulate The Kerala Public Enterprises (Selection and Recruitment) Board Bill, 2022 for obtaining public opinion and spoke. Shri C. K. Hareendran as authorised by Smt. K. K. Shailaja Teacher moved another amendment to recommit the Bill to the same Subject Committee and spoke.

After discussion and reply of the Minister the amendments were withdrawn by the leave of the House or declared lost. Then the Bills as reported by the Subject Committee were taken into consideration and passed by the House with the following amendments.

i) The Kerala Industrial Single Window Clearance Boards and Industrial Township Area Development (Amendment) Bill, 2022

രണ്ടാം വകുപ്പ്

i) പ്രധാന ഖണ്ഡത്തിൽ ചേർക്കാനുദ്ദേശിക്കുന്ന (സിബി), (എൽ.എ) ഖണ്ഡങ്ങളിൽ 'വിവിധ സംസ്ഥാന നിയമങ്ങൾക്ക് കീഴിൽ' എന്ന വാക്കുകൾക്ക് പകരം 'വിവിധ കേന്ദ്ര-സംസ്ഥാന നിയമങ്ങൾക്ക് കീഴിൽ സംസ്ഥാന സർക്കാരിന് നൽകാൻ അധികാരമുള്ള' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ii) ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(സിഎ)-ൽ, "ജില്ലാ പരാതി പരിഹാരകമ്മിറ്റി" എന്നതിനുപകരം "ജില്ലാ പരാതിപരിഹാര കമ്മിറ്റി" എന്ന് ചേർക്കുക.

iii) ഖണ്ഡം 2(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(സി ബി)-ൽ "ആധുനികവത്ക്കരിക്കുന്നതിനോ" എന്നതിനു ശേഷം "വേണ്ടി" എന്ന് ചേർക്കുക.

iv) ഖണ്ഡം 2 (i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (സിബി)-ൽ "അതിന്റെ" എന്നതിന് പകരം "അവയുടെ" എന്ന് ചേർക്കുക.

KNPP. 1250/2022(ii).

v) ഖണ്ഡം 2 (i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2 (സിബി)-ൽ "അതിന്റെ പുതുക്കലോ ലഭിക്കുന്നതിനോ" എന്നതിന് പകരം "ലഭിക്കുന്നതിനോ അതിന്റെ പുതുക്കലിനോ" എന്ന് ചേർക്കുക.

vi) ഖണ്ഡം 2(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 2 (എൽഎ)-ൽ "തീരുമാനമോ" എന്നതിന് പകരം "നടപടികളോ" എന്ന് ചേർക്കുക.

vii) ഖണ്ഡം 2(iii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(പി)യിൽ, "പരാതി പരിഹാര കമ്മിറ്റി" എന്നതിന് പകരം "പരാതിപരിഹാര കമ്മിറ്റി" എന്ന് ചേർക്കുക.

<u>മൂന്നാം വകുപ്പ്</u>

i) ബില്ലിൽ 'ചെയർമാൻ' എന്ന് വാക്ക് എവിടെയെല്ലാം വരുന്നുവോ ആയത് 'ചെയർപേഴ്സൺ' എന്ന് മാറ്റേണ്ടതാണ്.

ii) പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന 13എ വകുപ്പ് (1)-ാം ഉപവകുപ്പിലും 13 സി വകുപ്പ് (1)-ാം ഉപവകുപ്പിലും 'വിവിധ സംസ്ഥാന നിയമനങ്ങൾക്ക് കീഴിൽ' എന്നീ വാക്കുകൾക്കു പകരം 'വിവിധ കേന്ദ്ര-സംസ്ഥാന നിയമങ്ങൾക്ക് കീഴിൽ സംസ്ഥാന സർക്കാരിന് നൽകാൻ അധികാരമുള്ള' എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

iii) 13എ വകുപ്പിന്റെ (4)-ാം ഉപവകുപ്പിൽ "കമ്മിറ്റിയുടെ ക്വാറം മൊത്തം അംഗങ്ങളുടെ മൂന്നിലൊന്നിൽ കുറയാൻ പാടുള്ളതല്ല" എന്ന വാചകം അവസാനമായി ചേർക്കേണ്ടതാണ്.

iv) 13 സി വകുപ്പിന്റെ (4)-ാം ഉപവകുപ്പിൽ "കമ്മിറ്റിയുടെ ക്വാറം മൊത്തം അംഗങ്ങളുടെ മൂന്നിലൊന്നിൽ കുറയാൻ പാടുള്ളതല്ല" എന്ന വാചകം ചേർക്കേണ്ടതാണ്.

v) ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 13 <u>എ</u>(1)-ൽ "അഞ്ചു കോടി" എന്നതിന് പകരം "പത്ത് കോടി" എന്ന് ചേർക്കുക.

vi) ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 <u>എ</u>(1)-ൽ "ആധുനികവത്കരിക്കുന്നതിനോ " എന്നതിനു ശേഷം "വേണ്ടി" എന്ന് ചേർക്കുക.

vii) ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 <u>എ</u>(1)-ൽ "ആവശ്യത്തിലേക്കായും" എന്നതിന് പകരം "ആവശ്യത്തിലേക്കായി" എന്ന് ചേർക്കുക.

viii) ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 <u>എ</u> (4)-ൽ "സമയത്ത്" എന്നതിനു പകരം " സ്ഥല<u>ത്തും</u> സമയ<u>ത്തും</u>" എന്ന് ചേർക്കുക.

ix) ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 <u>എ</u> (4)-ൽ "ഒരു മാസത്തിലെ" എന്നതിന് പകരം "ഓരോ മാസത്തെയും" എന്ന് ചേർക്കുക.

x) ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ബി(4)-ൽ "സംസ്ഥാനപരാതി പരിഹാര" എന്നതിന് പകരം "സംസ്ഥാന പരാതിപരിഹാര" എന്ന് ചേർക്കുക.

xi) ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ബി(4)-ൽ "അയച്ചുകൊടുക്കേണ്ടതും" എന്നതിന് ശേഷം "ഇക്കാര്യം അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതും" എന്ന് ചേർക്കുക.

xii) ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 സി(1)-ൽ "അഞ്ച് കോടി" എന്നതിന് പകരം "പത്ത് കോടി" എന്ന് ചേർക്കുക.

xiii) ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 സി (2)(എ)-ൽ "വ്യവസായവകുപ്പിലെ " എന്നതിന് പകരം "വ്യവസായ വാണിജ്യ വകുപ്പിലെ "എന്ന് ചേർക്കുക.

xiv) ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 സി(3)-ൽ "മൂന്നു" എന്നതിന് പകരം "മൂന്ന്" എന്ന് ചേർക്കുക.

xv) ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഇ(2)-ൽ "പറയുവാൻ" എന്നതിന് ശേഷം "ഒരു " എന്ന് ചേർക്കുക.

xvi) ഖണ്ഡം (3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13 ഇ(4)-ൽ "അധികാരസ്ഥാനത്തിന്" എന്നതിന് പകരം "ഉദ്യോഗസ്ഥന്" എന്ന് ചേർക്കുക.

ii) *The Kerala Public Enterprises (Selection and Recruitment) Board Bill, 2022.*

<u>ദീർഘ ശീർഷകം</u>

i) ദീർഘ ശീർഷകത്തിലെ "കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷനും റിക്രൂട്ട്മെന്റും ബോർഡ്" എന്നതിലെ "സെലക്ഷനും റിക്രൂട്ട്മെന്റും" എന്നീ വാക്കുകൾ ബ്രാക്കറ്റുകൾക്കകത്ത് ആക്കുക.

ii) ദീർഘശീർഷകത്തിൽ "ഉദ്യോഗാർത്ഥികളെ സെലക്റ്റ് ചെയ്യുന്നതിന് സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നതിനും വേണ്ടി" എന്നതിന് പകരം "ഉദ്യോഗാർത്ഥികളുടെ സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നതിനും വേണ്ടി" എന്ന് ചേർക്കുക.

## പീഠിക

പീഠികയിലെ "കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷനും റിക്രൂട്ട്മെന്റും ബോർഡ്" എന്നതിലെ "സെലക്ഷനും റിക്രൂട്ട്മെന്റും" എന്നീ വാക്കുകൾ ബ്രാക്കറ്റുകൾക്കകത്ത് ആക്കുക.

## രണ്ടാം വകുപ്പ്

i) ഖണ്ഡം 2(എ)-ൽ "കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷനും റിക്രൂട്ട്മെന്റും ബോർഡ്" എന്നതിന് പകരം "കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ്" എന്ന് ചേർക്കുക.

ii) ഖണ്ഡം 2(എഫ്)-ൽ "ബോർഡിന്റെ" എന്നതിന് പകരം "ബോർഡിലെ" എന്ന് ചേർക്കുക.

## മൂന്നാം വകുപ്പ്

i) 1-ാം ഉപഖണ്ഡത്തിൽ "കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷനും റിക്രൂട്ട്മെന്റും ബോർഡ്" എന്നതിൽ "സെലക്ഷനും റിക്രൂട്ട്മെന്റും" എന്ന വാക്കുകൾ ബ്രാക്കറ്റുകൾക്കകത്ത് ആക്കുക.

ii) 5-ാം ഉപഖണ്ഡത്തിൽ "അംഗങ്ങൾ" എന്ന വാക്കിനു പകരം "മറ്റംഗങ്ങൾ" എന്ന വാക്ക് ചേർക്കുക.

iii) 5-ാം ഉപഖണ്ഡത്തിൽ "എന്നീ മേഖലയിൽ" എന്ന വാക്കുകൾക്കു പകരം "മുതലായ ഏതെങ്കിലും മേഖലയിൽ" എന്ന വാക്കുകൾ ചേർക്കുക.

iv) 7-ാം ഉപഖണ്ഡത്തിൽ "സെക്രട്ടറിയായി നിയമിക്കാവുന്നതാണ്. അദ്ദേഹത്തിന് അറുപത്തിരണ്ട് വയസ്സിൽ കൂടുതൽ പ്രായം ഉണ്ടായിരിക്കുവാൻ പാടുള്ളതല്ല" എന്നീ വാക്കുകൾക്കു പകരം "സെക്രട്ടറിയായി അന്യത്രസേവനവ്യവസ്ഥയിലോ നിർണ്ണയിക്കപ്പെടുന്ന വിധം സെലക്ഷൻ രീതിയിലോ നിയമിക്കാവുന്നതാണ്. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലെ നിയമനങ്ങൾക്ക് കേരള സർവ്വീസ് ചട്ടങ്ങൾ ബാധകമായിരിക്കുന്നതാണ്. സെലക്ഷൻ രീതിയിൽ നിയമനം ലഭിക്കുന്ന സെക്രട്ടറിക്ക്, അദ്ദേഹം ഔദ്യോഗികസ്ഥാനം ഏറ്റെടുത്ത തീയതി മുതൽ നാലുവർഷക്കാലം പൂർത്തിയാകുന്നതുവരെയോ അദ്ദേഹത്തിന് അറുപത്തിരണ്ട് വയസ് പൂർത്തിയാകുന്നതുവരെയോ, ഇതിലേതാണോ ആദ്യം സംഭവിക്കുന്നത് അതു വരെ ഔദ്യോഗികസ്ഥാനം വഹിക്കാവുന്നതാണ്." എന്നീ വാക്കുകൾ ചേർക്കുക.

v) 7-ാം ഉപഖണ്ഡത്തിന്റെ അവസാനഭാഗത്ത് "സെക്രട്ടറിയ്ക്ക് നിർണ്ണയിക്കപ്പെടുന്ന ശമ്പളവും ബത്തകളും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്" എന്നീ വാക്കുകൾ കൂട്ടിചേർക്കുക.

vi) ഖണ്ഡം 3(3)-ൽ "പട്ടികവർഗ്ഗത്തിലോ പെടുന്ന" എന്നതിന് പകരം "പട്ടികഗോത്ര വർഗ്ഗത്തിലോപെടുന്ന " എന്ന് ചേർക്കുക.

Vii) ഖണ്ഡം 3(4)-ൽ "വർഷത്തെ" എന്നതിനു പകരം "വർഷത്തിൽ കുറയാത്ത" എന്ന് ചേർക്കുക.

viii) ഖണ്ഡം 3(6)-ൽ "ഒന്നിൽ" എന്നതിന് പകരം "രണ്ടിൽ" എന്ന് ചേർക്കുക.

എട്ടാം വകുപ്പ്

i) ഖണ്ഡം 8(1)-ൽ "യുക്തമെന്നു" എന്നതിന് പകരം "യുക്തമെന്ന്" എന്ന് ചേർക്കുക.

ii) ഖണ്ഡം 8(6)-ൽ "നടപടി ക്രമങ്ങളുടെ" എന്നതിന് പകരം "നടപടിക്രമങ്ങളുടെ " എന്ന് ചേർക്കുക.

iii) ഖണ്ഡം 8(6)-ൽ "ബുക്കിൽ" എന്നതിന് പകരം "രജിസ്റ്ററിൽ" എന്നത് ചേർക്കുക.

ഒൻപതാം വകുപ്പ്

i) 1-ാം ഉപഖണ്ഡത്തിൽ (iv) - ാം ഇനത്തിൽ "തങ്ങൾക്ക്" എന്ന വാക്കിനു പകരം "ബോർഡിന്" എന്ന വാക്ക് ചേർക്കുക.

ii) 7-ാം ഉപഖണ്ഡത്തിലെ "ബന്ധപ്പെട്ട" എന്ന വാക്ക് ഒഴിവാക്കുക.

iii) ഖണ്ഡം 9(1)(iii)-ൽ "വിജിലൻസിന്റെ" എന്നതിന് പകരം "വിജിലൻസ് വകുപ്പിന്റെ" എന്ന് ചേർക്കുക.

iv) ഖണ്ഡം 9(1)(vi)-ൽ "അമ്പതിൽ താഴെയാണെങ്കിൽ" എന്നതിന് പകരം "അൻപതിൽ കുറവാണെങ്കിൽ" എന്ന് ചേർക്കുക.

v) ഖണ്ഡം 9(1)(vii)-ന്റെ ക്ലിപ്തനിബന്ധന ഒഴിവാക്കുക.

vi) ഖണ്ഡം 9(5)-ൽ "മറ്റു" എന്നതിന് പകരം "മറ്റ്" എന്ന് ചേർക്കുക.

vii) ഖണ്ഡം 9(6)-ൽ "മാനവശേഷിയുമായി" എന്നതിന് പകരം "മാനവവിഭവശേഷിയുമായി" എന്ന് ചേർക്കുക.

viii) ഖണ്ഡം 9(6)-ൽ "സ്ഥിരസ്വഭാവമുള്ളതോ" എന്നതിന് പകരം "സ്ഥിരസ്വഭാവമുള്ളതാണോ" എന്ന് ചേർക്കുക.

പത്താം വകുപ്പ്

ഖണ്ഡം 10(1)-ൽ "മറ്റു" എന്നതിന് പകരം "മറ്റ്" എന്ന് ചേർക്കുക.

പതിനൊന്നാം വകുപ്പ്

i) ഖണ്ഡം 11-ലെ "പ്രതീക്ഷിക്കാവുന്ന" എന്ന വാക്കിന് പകരം "പ്രതീക്ഷിക്കുന്ന" എന്ന് വാക്ക് ചേർക്കുക.

ii) ഖണ്ഡം 11-ൽ "വർഷത്തിലേയ്ക്കു" എന്ന വാക്കിന് പകരം "വർഷത്തേക്ക്" എന്ന് ചേർക്കുക.

പന്ത്രണ്ടാം വകുപ്പ്

i) 3-ാം ഉപഖണ്ഡത്തിൽ "സർക്കാർ" എന്ന വാക്കിനു പകരം "സർക്കാരിന്റെ" എന്ന വാക്ക് ചേർക്കുക.

ii) ഖണ്ഡം 12(4)-ൽ "വഹ്വിക്കേണ്ടതുമാണ്" എന്നതിനു പകരം "വയ്ക്കേണ്ടതാണ്" എന്ന് ചേർക്കുക.

പതിമൂന്നാം വകുപ്പ്

i) ഖണ്ഡം 13-ൽ "മൂന്നു" എന്നതിനു പകരം "മൂന്ന്" എന്ന് ചേർക്കുക.

ii) ഖണ്ഡം 13-ൽ " വഹ്വിക്കേണ്ടതുമാണ്" എന്നതിന് പകരം "വയ്ക്കേണ്ടതാണ്" എന്ന് ചേർക്കുക.

പതിനഞ്ചാം വകുപ്പ്

ഖണ്ഡം 15-ലെ "മറ്റേതെങ്കിലും" എന്ന വാക്കിനു ശേഷം "ഉദ്യോഗസ്ഥനോ" എന്ന വാക്ക് കൂട്ടിച്ചേർക്കുക.

പതിനെട്ടാം വകുപ്പ്

ഖണ്ഡം 18-ലെ 2-ാം ഉപഖണ്ഡത്തിൽ (iv)-ാം ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കുക.

"(iv) സെക്രട്ടറിയുടെ നിയമനരീതിയും അദ്ദേഹത്തിന് നൽകേണ്ടതായ ശമ്പളവും ബത്തകളും, സംബന്ധിച്ച്;"

പത്തൊൻപതാം വകുപ്പ്

i) ഖണ്ഡം 19-ലെ "കാലാവധി കഴിഞ്ഞതാണെന്നിരിക്കിലും" എന്ന വാക്കുകൾക്കു പകരം "2022 ആഗസ്റ്റ് 8-ാം തീയതി പ്രാബല്യമില്ലാതായിതീർന്നിരുന്നാൽ തന്നെയും" എന്നീ അക്കങ്ങളും വാക്കുകളും ചിഹ്നവും ചേർക്കുക.

ii) ഖണ്ഡം 19(ബി)-ൽ "കാലാവധി കഴിഞ്ഞതിനുശേഷവും" എന്ന വാക്കുകൾക്ക് പകരം "പ്രാബല്യമില്ലാതായിത്തീർന്നതിനുശേഷവും" എന്നീ വാക്കുകൾ ചേർക്കുക.

iii) ഖണ്ഡം 19-ലെ "കാലാവധി കഴിഞ്ഞില്ലായിരുന്നുവെങ്കിൽ" എന്ന വാക്കുകൾക്ക് പകരം "പ്രാബല്യം ഇല്ലാതായിത്തീർന്നിരുന്നില്ലായെങ്കിൽ" എന്നീ വാക്കുകൾ ചേർക്കുക.

The House adjourned at 5.20 p.m. to meet again at 9.00 a.m. on Thursday September 1, 2022.

A. M. BASHEER,

*Secretary.*